(ഡി) അതേത്തുടർന്ന് എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സംഭവം അന്വേഷിക്കാൻ പോലീസിനെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എ.ടി. ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി സ്പോൺസേഴ്സ് മുഖാന്തിരം സ്വർണ്ണമെഡൽ സമ്മാനിക്കുവാൻ തീരുമാനിച്ചിരുന്നു.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ഒന്നാം നമ്പർ സ്പോൺസർ തന്ന തുകയനുസരിച്ച് രണ്ടു സ്വർണ്ണ മെഡലുകൾ സൊസൈറ്റി തന്നെ നിർമ്മിച്ച് നൽകി. രണ്ടാമതൊരു സ്പോൺസർ രണ്ട് മെഡലുകൾ നൽകാൻ മുന്നോട്ടുവന്നു. ഈ മെഡലുകൾ സ്പോൺസർ തന്നെ നിർമ്മിച്ചുകൊണ്ടു വന്നിരുന്നു. ഇവ രണ്ടും മുക്കുപണ്ടങ്ങളായിരുന്നു എന്നു തെളിഞ്ഞതിനെ തുടർന്ന് പോലീസിനെ അറിയിക്കുവാൻ തുടങ്ങിയപ്പോൾ സ്പോൺസർ മാപ്പു പറയുകയും മെഡൽ നിർമ്മിച്ചു നൽകിയ ആൾ സ്പോൺസറെ കബളിപ്പിക്കുകയായിരുന്നുവെന്ന് അറിയിക്കുകയും ചെയ്തു. സ്പോൺസറുടെ കുറ്റമല്ലാത്തതിനാൽ അത്രയും തുക സൊസൈറ്റിയും സ്പോൺസറും നൽകുകയും സ്വർണ്ണമെഡൽ വാങ്ങികൊടുക്കുകയും ചെയ്തു. സ്പോൺസർക്ക് വേണ്ടി മെഡൽ നിർമ്മിച്ചു നൽകിയ വ്യക്തി ഒളിവിൽ പോയതിനാൽ വേറെ നടപടികളൊന്നും എടുത്തിട്ടില്ല.

(ഇ) പരിശോധിക്കാം.

## എസ്.എ.ടി. ആശുപത്രിയിലെ സാനിറ്ററി സംവിധാനം

134 (792)ശ്രീ. വെങ്ങാനൂർ പി ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ കെ.എച്ച്.ആർ. ഡബ്ല്യു.എസ്. പേ വാർഡുകൾക്ക് പിന്നിലൂടെ ഡ്രെയിനേജ് ലൈൻ പൊട്ടി ഒലിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ സാനിറ്ററി സംവിധാനം അറ്റകുറ്റപ്പണികൾ ചെയ്ത് കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) നടപടി സ്വീകരിച്ചു വരുന്നു.

**കായംകുളം ആശുപത്രി കെട്ടിടത്തിന്റെനിർമ്മാണം**

135 (793)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ കായംകുളം ഗവൺമെന്റ് ആശുപത്രി, കണ്ടല്ലൂർ പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവയുടെ അഭിവൃദ്ധിക്കായി ആരോഗ്യവകുപ്പു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) കായംകുളം ആശുപത്രിയിൽ 100 കിടക്കകൾ ഉള്ള മൂന്നുനില മന്ദിരത്തിന്റെ പണി ദീർഘകാലമായി സ്തംഭിച്ചു നിൽക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) 1995 മുതൽ ഇതിനായി സർക്കാരും കായംകുളം മുനിസിപ്പാലിറ്റിയും എന്തു തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; അതിൽ ചെലവഴിക്കാത്തത് എത്രയാണ്;

(ഡി) ഈ ആശുപത്രിക്ക് അനുവദിച്ച തുക ചെലവഴിച്ച് കെട്ടിടം നിർമ്മിക്കാത്ത മരാമത്ത് കെട്ടിട വിഭാഗം ഉദ്യോഗസ്ഥൻമാരുടേയും കോൺട്രാക്ടറുടെയും ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ടവരുടേയും വീഴ്ചകളെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാ നടപടികളും കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. 23.3.99-ൽ സിംഫണി 9 എം.എഫ്.ടി. അൾട്രാസൗണ്ട് സ്കാനർ സ്ഥാപിച്ചിട്ടുണ്ട്.

കണ്ടല്ലൂർ പി.എച്ച്.സി.യ്ക്ക് 36 ബെഡ്ഡുകളോടുകൂടിയ ഒരു ഐ.പി. വാർഡ് കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള സ്റ്റാഫിനെയും പോസ്റ്റ് ചെയ്തിട്ടുണ്ട്. 27.3.2000 ലെ ജി.ഒ (എം.എസ്) 81/2000/ആ.കു.വ പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly